നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# 2009 ലെ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ്

**2009 ലെ MBBS/BDS** കോഴ്സുകളിലേയ്ക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് നടപടികൾ **11.09.2009** ന് ആരംഭിക്കുന്നതാണ്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും **11.09.2009 രാവിലെ 10 മണി മുതൽ 15.09.2009 ഉച്ചയ്ക്ക് 1 മണി വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

**മൂന്നാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.**

**സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരവരുടെ MBBS/BDS അഡ്മിഷൻ റദ്ദ് ചെയ്യാനുള്ള അവസാന ദിവസം 16.09.2009 ആയിരിക്കും. 16.09.2009** ന് ശേഷം ഒരു കാരണവശാലും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല. സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജ് അധികൃതർ **16.09.2009 ന് വൈകുന്നേരം 5 മണിക്ക് മുമ്പ്** അതത് കോളേജുകളിൽ നിലവിലുള്ള സർക്കാർ സീറ്റ് ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ചേർന്ന് പഠിക്കാൻ താൽപര്യമില്ലാത്ത വിദ്യാർത്ഥികൾ ഒരു കാരണവശാലും ഈ കോളേജുകളിലേക്കുള്ള ഓപ്ഷനുകൾ നിലനിർത്താൻ പാടുള്ളതല്ല. സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ചേർന്ന് പഠിക്കാൻ താൽപര്യ മില്ലാത്ത വിദ്യാർത്ഥികൾ **11.09.2009 നും 15.09.2009 നുമിടയിൽ** അവരവരുടെ ഹോംപേജുകൾ സന്ദർശിച്ച് സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്ക് ഇപ്പോൾ നൽകിയിട്ടുള്ള ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. **18.09.2009** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, **18.09.2009 മുതൽ 22.09.2009 വരെ** തീയതികളിൽ **SBT** യുടെ തെരഞ്ഞെടുത്ത ശാഖകളിൽ ഫീസ് ഒടുക്കിയതിനുശേഷം അതത് കോളേജുകളിൽ **22.09.2009** ന് അഡ്മിഷൻ നേടി പഠിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. **അനാവശ്യമായി ഓപ്ഷൻ നൽകി സർക്കാർ MBBS/BDS സീറ്റുകൾ നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളുടെമേൽ പ്രവേശന പരീക്ഷാ കമ്മീഷണർ, ലികിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നതും പ്രവേശന പരീക്ഷയിലെ കാൻഡിഡേച്ചറും റാങ്കും ക്യാൻസൽ ചെയ്യുന്നതും ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. 18.09.2009** ന് ശേഷം സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതല്ല.

സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിന്നും അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി **23.09.2009** ആയിരിക്കും.

**18.09.2009** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റിനു ശേഷം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഒഴിവുകൾ ഉണ്ടായാൽ അതിലേക്ക് മാത്രമായി **26.09.2009** ന് ഒരു അലോട്ട്മെന്റ് കൂടി പ്രസിദ്ധീകരിക്കുന്നതാണ്. ഇതിലേക്കായി വിദ്യാർത്ഥികളുടെ **15.09.2009 ൽ നിലവിലുള്ള** ഓപ്ഷനുകളായിരിക്കും പരിഗണിക്കുക. ഈ അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് നേടുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളിൽ ചേർന്ന് പഠിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. അന്തിമ ഘട്ട അലോട്ട്മെന്റ് ലഭിച്ചതിനു ശേഷം പ്രവേശനം നേടാതെ സർക്കാർ സീറ്റ് പാഴാക്കുന്നവർക്കെതിരെ മേൽപ്പറഞ്ഞ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| 11.09.2009 10 am to 15.09.2009 1 pm | To re-arrange / cancel existing higher order options. |
| 16.09.2009 | Last date for Cancellation of admission in Self-financing Medical/ Dental Colleges. (Proforma for Cancellation should be submitted in the Office of CEE before 5 pm on 16.09.2009) |
| 18.09.2009 | Allotment to MBBS/BDS Courses (Final allotment in Self-financing Medical/Dental Colleges) |
| 18.09.2009 to 22.09.2009 | Allotted candidates to remit fee / balance fee / deposit at the selected branches of the State Bank of Travancore (SBT) |
| 22.09.2009 | Admission to MBBS/BDS Courses |
| 23.09.2009 | Last date for Cancellation of admission in Government Medical/ Dental Colleges. (Cancellation shall be reported to the Office of CEE on or before 5 pm on 23.09.2009) |
| | Colleges to furnish non-joining report to the CEE based on allotment published on 18.09.2009. (Fax No. 0471 2337228) |
| 26.09.2009 | Final allotment to MBBS/BDS Courses in Government Medical/Dental Colleges (Final allotment to vacancies, if any, in Government Medical/Dental Colleges will be done based on the options filed by candidates from 11.09.2009 to 15.09.2009) |
| 29.09.2009 & 30.09.2009 | Remittance of fee/Joining in Government Medical/Dental Colleges |
| 30.09.2009 | Closing of admission for MBBS/BDS Courses 2009 |

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314, 2115315** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.



തിരുവനന്തപുരം
10.09.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**